"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ്- ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ സയന്റിഫിക് ഓഫീസർമാരുടെ 19 പുതിയ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (കെ) വകുപ്പ്**

സ.ഉ.(കൈ) നം.73/2026/HOME തീയതി,തിരുവനന്തപുരം, 14-03-2026

---

പരാമർശം:-

1. കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസ് അതോറിറ്റി ബഹു.കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 16773/2020 നമ്പർ കേസിലെ 03.07.2025, 17.02.2026 - തീയതികളിലെ വിധിന്യായം
2. സംസ്ഥാന പോലീസ് മേധാവിയുടെ 14.10.2025-ലെ S4(a) 106386/2021/PHQ നമ്പർ കത്ത്
3. സ.ഉ (കൈ) നം. 3/2026/ആഭ്യന്തരം, തീയതി 01.01.2026
4. സംസ്ഥാന പോലീസ് മേധാവിയുടെ 28.02.2026-ലെ S4(a) 40491/2026/PHQ നമ്പർ കത്ത്
5. സംസ്ഥാന പോലീസ് മേധാവിയുടെ 10.03.2026-ലെ S4(a) 50503/2026/PHQ നമ്പർ കത്ത്

**ഉത്തരവ്**

കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസ് അതോറിറ്റി ബഹു.കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 16773/2020 നമ്പർ കേസിലെ 03.07.2025 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ഫോറൻസിക്ക് സയൻസ് ലബോറട്ടറിയിൽ 31 സയന്റിഫിക്ക് ഓഫീസർ തസ്തികകൾ **( ബയോളജി 8, കെമിസ്ട്രി 7 , ഡോക്യുമെന്റ്സ് 16 )** സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സംസ്ഥാന പോലീസ് മേധാവി പരാമർശം (2) പ്രകാരം സമർപ്പിച്ചിരുന്നു. തുടർന്ന് ഈ വിഷയം പരിശോധിച്ച് ഫോറൻസിക്ക് സയൻസ് ലബോറട്ടറിയിൽ ബയോളജി വിഭാഗത്തിൽ 3 ഉം, കെമിസ്ട്രി വിഭാഗത്തിൽ 4 ഉം , ഡോക്യുമെന്റ്സ് വിഭാഗത്തിൽ 5 ഉം ഉൾപ്പെടെ 12 സയന്റിഫിക്ക് ഓഫീസർ തസ്തികകൾ സൃഷ്ടിച്ച് പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു.

2. ബഹു. കേരള ഹൈക്കോടി WP(C) 16773/2020 നമ്പർ കേസ് 17.02.2026 ന് വീണ്ടും പരിഗണിച്ചപ്പോൾ, ഫോറൻസിക്ക് ലാബ് റിപ്പോർട്ട് ലഭ്യമാകാത്തതിനാൽ പല കേസുകളിലും പോലീസിന് അന്തിമ റിപ്പോർട്ട് സമർപ്പിക്കാൻ കഴിയാത്ത അവസ്ഥയുണ്ടാകുന്നുവെന്നും അതിന്റെ ഫലമായി ജുഡീഷ്യൽ ഓഫീസർമാർക്ക് ചാർജ് ഫ്രെയിം ചെയ്യാൻ കഴിയാതെ വരികയും ഇതുമൂലം ക്രിമിനൽ കേസുകളുടെ തീർപ്പാക്കലിൽ ഗണ്യമായ താമസം സംഭവിക്കുന്നുവെന്നും മേൽ സാഹചര്യത്തിൽ സംസ്ഥാന ഫോറൻസിക്ക് സയൻസ് ലബോറട്ടറിയിൽ പുതിയ സയന്റിഫിക് ഓഫീസർ തസ്തികകൾ സൃഷ്ടിക്കണമെന്ന സംസ്ഥാന പോലീസ് മേധാവിയുടെ പരാമർശം (2) ശുപാർശ ഗൗരവത്തോടെ പരിഗണിക്കേണ്ടതാണെന്ന് കോടതി നിരീക്ഷിച്ചിരുന്നു.

3. സംസ്ഥാന ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ 2025 വർഷത്തിൽ 4071 NDPS ACT കേസുകളും 7382 POCSO ACT കേസുകളും ഉൾപ്പെടെ ചുവടെ പറയും പ്രകാരമുള്ള കേസുകൾ പെൻഡിംഗിലാണെന്ന് സംസ്ഥാന പോലീസ് മേധാവി പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്നു.

| 2025 ആരംഭത്തിൽ പെൻഡിംഗായ കേസുകൾ | ലഭ്യമായ കേസുകൾ | തീർപ്പാക്കിയ കേസുകൾ | പെൻഡിംഗ് |
|---|---|---|---|
| 32430 | 20108 | 15459 | 37079 |

4. മേൽ വിവരിച്ച വസ്തുതകൾ കണത്തിലെടുത്ത് ഫോറൻസിക്ക് സയൻസ് ലബോറട്ടറിയിൽ 19 സയന്റിഫിക്ക് ഓഫീസർ തസ്തികകൾ കൂടി സൃഷ്ടിക്കണമെന്നും 19 സയന്റിഫിക്ക് ഓഫീസർ തസ്തികകൾ സൃഷ്ടിക്കുമ്പോഴുണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യത 1,70,31,600 രൂപയാണെന്നും പരാമർശം 5 ലെ കത്ത് പ്രകാരം സംസ്ഥാന പോലീസ് മേധാവി ശിപാർശ ചെയ്തിരുന്നു.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. WP(c) 16773/2020 നമ്പർ കേസിലെ ബഹു. ഹൈക്കോടതിയുടെ 17.02.2026- ലെ വിധിന്യായവും സംസ്ഥാന പോലീസ് മേധാവിയുടെ പരാമർശം (2) ശുപാർശയും കണക്കിലെടുത്ത്, സംസ്ഥാന ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ ബയോളജി വിഭാഗത്തിൽ 5 ഉം, കെമിസ്ട്രി വിഭാഗത്തിൽ 3 ഉം, ഡോക്യുമെന്റ്സ് വിഭാഗത്തിൽ 11 ഉം ഉൾപ്പെടെ 19 സയന്റിഫിക് ഓഫീസർ തസ്തികകൾ കൂടി സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി , തിരുവനന്തപുരം.
ഡയറക്ടർ, സംസ്ഥാന ഫോറൻസിക്ക് സയൻസ് ലബോറട്ടറി
അഡ്വക്കേറ്റ് ജനറൽ , എറണാകുളം (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ / ആഡിറ്റ്) , തിരുവനന്തപുരം
പൊതുഭരണ (എസ്. സി) വകുപ്പ് (13.03.2026- ലെ മന്ത്രിസഭാ യോഗ തീരുമാന ഇനം നം. 3931)
ധനകാര്യ വകുപ്പ് (19.02.2026- ലെ DO No. 3419983/EXP-A3/392/2025-Fn -Part(3) പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Smitha K P
സെക്ഷൻ ഓഫീസർ
Date: 14-03-2026 17:44:32

പകർപ്പ്:-
ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ചീഫ് സെക്രട്ടറിയുടെ പി. എസ്- ന്
ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി. എസ്- ന്
പൊതുഭരണ വകുപ്പ് സെക്രട്ടറിയുടെ സി. എ- യ്ക്ക്

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

തീയതി : 13-03-2026

ഫയൽ നം. കെ2/73/2026-ആഭ്യന്തരം. ഇനം നം: 3931

വിഷയം : ആഭ്യന്തര വകുപ്പ് - ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ സയന്റിഫിക് ഓഫീസർമാരുടെ 19 തസ്തികകൾ സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

3931

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | |
|---|---|
| 1. ഫയൽ നമ്പർ | കെ2/73/2026- ആഭ്യന്തരം |
| 2. വകുപ്പ് | ആഭ്യന്തര (കെ) വകുപ്പ് |
| 3. വിഷയം | ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ സയന്റിഫിക് ഓഫീസർമാരുടെ 19 തസ്തികകൾ സൃഷ്ടിക്കുന്നത്- സംബന്ധിച്ച്. |
| 4. മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 05/03/2026 |
| 5.(i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ?<br><br>(ii)സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾ ക്കൊള്ളിച്ചിട്ടുണ്ടോ? | അതെ<br><br>ഉണ്ട് |
| 6. മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7. കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | ശ്രീമതി രശ്മി എ ആർ |
| 8. കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ.ബിശ്വനാഥ് സിൻഹ |
| 9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 11/03/2026 |
| 10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. എ. ജയതിലക് |
| 11. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 12/03/2026 |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. പിണറായി വിജയൻ |
| 13. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 12/03/2026 |
| 14. കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 13/03/2026 |
| 15. മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16.തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

<u>**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**</u>

1) ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ സയന്റിഫിക് ഓഫീസർമാരുടെ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസലാണ് കുറിപ്പിലെ പരിഗണനാ വിഷയം.

2) സംസ്ഥാന ഫോറൻസിക് സയൻസ് ലബോറട്ടറിയിലെ സയന്റിഫിക് ഓഫീസർ തസ്തികകളിലേക്കുള്ള നിയമനം വേഗത്തിലാക്കുന്നതിനും ഫോറൻസിക് പരിശോധനകളിലും ക്രിമിനൽ വിചാരണകളിലും ഉണ്ടാകുന്ന കാലതാമസം പരിഗണിച്ച് ടി. തസ്തികകളിലേക്കുള്ള നിയമന നടപടികൾ മുൻഗണനയോടെ പൂർത്തിയാക്കുന്നതിനുമായി കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസ് അതോറിറ്റി ബഹു.കേരള ഹൈക്കോടതിയിൽ WP(C) 16773/2020 നമ്പറായി കേസ് ഫയൽ ചെയ്തിരുന്നു. ഈ കേസിൽ പുറപ്പെടുവിക്കുന്ന ഇടക്കാല ഉത്തരവുകളിലൂടെ , ബഹു. ഹൈക്കോടതി ഈ വിഷയം നിരന്തരം നിരീക്ഷിച്ചു വരികയാണ്.

3) ബഹു. ഹൈക്കോടതിയുടെ 03.07.2025 തീയതിയിലെ ഇടക്കാല ഉത്തരവിലെ നിർദേശങ്ങൾ പാലിക്കുന്നതിന്റെ ഭാഗമായി, ഫോറൻസിക് സയൻസ് ലബോറട്ടറിയിലെ സയന്റിഫിക് ഓഫീസർമാരുടെ നിയമനത്തിൽ ഉണ്ടാകുന്ന കാലതാമസം കുറയ്ക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ചർച്ച ചെയ്യുന്നതിനായി സംസ്ഥാന സർക്കാരും കേരള പബ്ലിക് സർവീസ് കമ്മീഷനും തമ്മിലുള്ള സംയുക്ത യോഗം 17.09.2025-ന് ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ചേംബറിൽ ചേർന്നു. പ്രസ്തുത യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, താഴെ വിവരിക്കും പ്രകാരം സംസ്ഥാന ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ 31 സയന്റിഫിക് ഓഫീസർ തസ്തികകൾ സൃഷ്ടിക്കുന്നതിന് സംസ്ഥാന പൊലീസ് മേധാവി ഒരു പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

| **ക്രമ നം** | **തസ്തികയുടെ പേര്** | **ആവശ്യമുള്ള തസ്തികയുടെ എണ്ണം.** |
|---|---|---|
| 1 | Scientific Officer (Biology) | 8 |
| 2 | Scientific Officer (Chemistry) | 7 |
| 3. | Scientific Officer (Documents) | 16 |
| | **Total** | **31** |

4) സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിക്കുകയും ഇക്കാര്യത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിനായി സമർപ്പിക്കുകയും ചെയ്തിരുന്നു. അതിൻപ്രകാരം ബയോളജി വിഭാഗത്തിൽ 3, ഡോക്യുമെന്റ്സ് വിഭാഗത്തിൽ 5, കെമിസ്ട്രി വിഭാഗത്തിൽ 4 തസ്തികകൾ ഉൾപ്പെടുത്തി സംസ്ഥാന ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ 12 അധിക സയന്റിഫിക് ഓഫീസർ തസ്തികകൾ സൃഷ്ടിക്കുന്നതിന് ധനകാര്യ വകുപ്പ് അനുമതി നൽകുകയും ചെയ്തു. തുടർന്ന് ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുകയും, 31.12.2025-ന് ചേർന്ന മന്ത്രിസഭാ യോഗം സംസ്ഥാന ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ 12 സയന്റിഫിക് ഓഫീസർ തസ്തികകൾ സൃഷ്ടിക്കുന്നത് അംഗീകരിക്കുകയും ചെയ്തു. അതനുസരിച്ച് സംസ്ഥാന ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ 12 സയന്റിഫിക് ഓഫീസർ തസ്തികകൾ സൃഷ്ടിച്ച് സ. ഉ (കൈ).നം .3/2026/ആഭ്യന്തരം , തീയതി 01.01.2026 ആയി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

5) തുടർന്ന്, ബഹു. ഹൈക്കോടതി WP(C) No. 16773/2020 നമ്പർ കേസിൽ 17.02.2026-ന് പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിൽ, സയന്റിഫിക് ഓഫീസർ തസ്തികകൾ സൃഷ്ടിക്കണമെന്നുള്ള സംസ്ഥാന പൊലീസ് മേധാവിയുടെ ശുപാർശ ഗൗരവത്തോടെ പരിഗണിക്കേണ്ടതാണെന്ന് നിരീക്ഷിച്ചു. പല കേസുകളിലും FSL റിപ്പോർട്ട് ലഭ്യമാകാത്തതിനാൽ പോലീസിന് അന്തിമ റിപ്പോർട്ട് സമർപ്പിക്കാൻ കഴിയാത്ത അവസ്ഥയുണ്ടാകുകയും, അതിന്റെ ഫലമായി ജുഡീഷ്യൽ ഓഫീസർമാർക്ക് ചാർജ് ഫ്രെയിം ചെയ്യാൻ കഴിയാതെ വരികയും ഇതുമൂലം ക്രിമിനൽ കേസുകളുടെ തീർപ്പാക്കലിൽ ഗണ്യമായ താമസം സംഭവിക്കുന്നതായും കോടതി ചൂണ്ടിക്കാട്ടി. ക്രിമിനൽ ജസ്റ്റിസ് സിസ്റ്റം ശരിയായും സുതാര്യമായും പ്രവർത്തിക്കുന്നതിന് ആവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഉറപ്പുവരുത്തുന്നത് സംസ്ഥാന സർക്കാരിന്റെ ബാധ്യതയും ഉത്തരവാദിത്തവും ആണെന്നും കോടതി അഭിപ്രായപ്പെട്ടു. ഈ സാഹചര്യത്തിൽ സംസ്ഥാന ഫോറൻസിക് സയൻസ് ലബോറട്ടറിയിലെ അംഗബലം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള വിഷയം സർക്കാർ പരിശോധിക്കുകയും, സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച ശുപാർശയിൽ ശേഷിക്കുന്ന 19 സയന്റിഫിക് ഓഫീസർ തസ്തികകൾ കൂടി( ബയോളജി വിഭാഗത്തിൽ 5 തസ്തികകൾ, കെമിസ്ട്രി വിഭാഗത്തിൽ 3 തസ്തികകൾ, ഡോക്യുമെന്റ്സ് വിഭാഗത്തിൽ 11 തസ്തികകൾ ഉൾപ്പെടുത്തി) സൃഷ്ടിക്കുന്നതിനായി ധനകാര്യ വകുപ്പിന്റെ അനുമതി തേടുകയും ചെയ്തു.

6) സംസ്ഥാന പോലീസ് മേധാവി ഫോറൻസിക് സയൻസ് ലബോറട്ടറിയിലെ കേസുകളുടെ പെൻഡൻസിയുടെ പുതുക്കിയ സ്ഥിതിവിവരക്കണക്കുകൾ സമർപ്പിച്ചിട്ടുണ്ട്. 31.01.2026 അടിസ്ഥാനമാക്കി സംസ്ഥാന ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ ആകെ 37,223 കേസുകൾ പെൻഡിങ്ങിലുണ്ട് . ഓരോ

ലബോറട്ടറിയിലും പെൻഡിങ്ങിലുള്ള POCSO യും NDPS യും കേസുകളുടെ എണ്ണം താഴെപ്പറുന്നവയാണ്:-

**POCSO ACT CASES**

| Sl.No | Division | Units | | | | | |
|---|---|---|---|---|---|---|---|
| | | SFSL | RFSL KNR | RFSL TSR | RFSL Kochi | DFSLs | Total |
| 1 | Biology | 2714 | 0 | 610 | 0 | 5 | 3329 |
| 2 | DNA | 1045 | 460 | 119 | - | - | 1624 |
| 3 | Cyber | 299 | 255 | 787 | 241 | 847 | 2429 |
| | Total | 4058 | 715 | 1516 | 241 | 852 | 7382 |

**NDPS ACT CASES**

| Sl.No | Division | Units | | | | | |
|---|---|---|---|---|---|---|---|
| | | SFSL | RFSL KNR | RFSL TSR | RFSL Kochi | DFSLs | Total |
| 1 | Chemistry | 18 | - | 132 | 196 | 3187 | 3533 |
| 2 | Narcotics | - | 25 | 389 | - | - | 414 |
| 3 | Explosive | 42 | - | - | - | - | 42 |
| 4 | Cyber | - | - | - | - | 82 | 82 |
| Total | | 60 | 25 | 521 | 196 | 3269 | 4071 |

7) 2025 വർഷത്തിൽ ലഭിച്ച കേസുകൾ, തീർപ്പാക്കിയ കേസുകൾ, ആകെ പെൻഡിങ് കേസുകൾ എന്നിവ സംബന്ധിച്ച പുതുക്കിയ വിവരങ്ങൾ താഴെപ്പറുന്നവയാണ്:-

| PENDING AT THE BEGINNING | RECEIVED | DISPOSED | PENDING |
|---|---|---|---|
| 32430 | 20108 | 15459 | 37079 |

8) ശേഷിക്കുന്ന 19 സയന്റിഫിക് ഓഫീസർ തസ്തികകൾ കൂടി സൃഷ്ടിക്കുന്ന കാര്യത്തിൽ ധനകാര്യ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായം ലഭ്യമാക്കുകയുണ്ടായി.

The AD is informed that the Finance Department has already agreed to the creation of twelve (12) posts only a couple of months ago, and ,therefore , FD is not in a position to concur with any further creation of posts at this stage and hence the

creation of the 19 Scientific Officer Posts ( Biology- 5, Documents- 11, Chemistry-3] ) in the State Forensic Science Laboratory is deferred to better times.

This has the approval of the Hon'ble Minister (Finance).

9) തുടർന്ന്, ധനകാര്യ വകുപ്പിന്റെ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 19.02.2026-ലെ 3419983/EXP-A3/392/2025-Fin-Part(3) നമ്പർ അർദ്ധ ഔദ്യോഗിക കത്ത് മുഖേന, ശേഷിക്കുന്ന 19 സയന്റിഫിക് ഓഫീസർ തസ്തികകൾ സൃഷ്ടിക്കുന്നതിന് ഈ ഘട്ടത്തിൽ ധനകാര്യ വകുപ്പിന് അനുമതി നൽകാൻ കഴിയില്ല എന്ന് വീണ്ടും അറിയിക്കുകയും, ഈ വിഷയത്തിൽ ആഭ്യന്തര വകുപ്പ് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് കരുതുന്ന പക്ഷം വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാവുന്നതാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്.

10) 19 സയന്റിഫിക്ക് ഓഫീസർ തസ്തികകൾ സൃഷ്ടിക്കുമ്പോൾ ഉണ്ടാകുന്ന വാർഷിക സാമ്പത്തിക ബാധ്യത സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ചിട്ടുള്ളത് ഇപ്രകാരമാണ്.

| Sl NO | Name of the Post | Required Number | Pay | DA | HRA | Other allowance | Total | For one month | For One Year |
|---|---|---|---|---|---|---|---|---|---|
| 1 | Scientific Officer | 19 | 51,400 | 17,990 | 5,140 | 170 | 74,700 | 14,19,300 | 1,70,31,600 |

11) ബയോളജി വിഭാഗത്തിൽ 5, കെമിസ്ട്രി വിഭാഗത്തിൽ 3, ഡോക്യുമെന്റ്സ് വിഭാഗത്തിൽ 11 എന്നീ തസ്തികകൾ ഉൾപ്പെടുത്തി ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ ശേഷിക്കുന്ന 19 സയന്റിഫിക് ഓഫീസർ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് ഉത്തരവിനായി ഫയൽ ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ ബയോളജി വിഭാഗത്തിൽ 5 ഉം, കെമിസ്ട്രി വിഭാഗത്തിൽ 3 ഉം , ഡോക്യുമെന്റ്സ് വിഭാഗത്തിൽ 11 ഉം ഉൾപ്പെടെ 19 സയന്റിഫിക് ഓഫീസർ തസ്തികകൾ സൃഷ്ടിക്കാമോ?